പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 316 — 18.03.2013 ൽ മറുപടിക്ക്

## ആസൂത്രിത കൊലപാതകങ്ങൾക്കെതിരെ ജുഡീഷ്യൽ കമ്മീഷനെ നിയോഗിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>,, കെ. എൻ. എ. ഖാദർ<br>,, എൻ. ഷംസുദ്ദീൻ<br>,, അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ആശയപരമായ ഭിന്നതയുടെ പേരിൽ, എതിരാളികളെ ആസൂത്രിതമായി പരിശീലനം നൽകിയ കൊലയാളികളെക്കൊണ്ട് കൊലചെയ്യുന്ന രീതി അവസാനിപ്പിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ; | (എ) ആശയപരമായ ഭിന്നതകളുടെ പേരിൽ എതിരാളികളെ കൊലചെയ്യുന്ന സംഭവങ്ങളിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് വസ്തുനിഷ്ഠമായ അന്വേഷണം നടത്തി കുറ്റവാളികളെ അറസ്റ്റ് ചെയ്യുകയും എത്രയും വേഗം തന്നെ കുറ്റപത്രം തയ്യാറാക്കി ബഹു. കോടതിയിൽ സമർപ്പിച്ച് വിചാരണക്ക് വിധേയരാക്കി വരികയും ചെയ്യുന്നുണ്ട്. |
| (ബി) അത്തരം കൊലപാതകങ്ങളിലെ യഥാർത്ഥ പ്രതികൾക്ക് സംരക്ഷണം നൽകുകയും, വ്യാജപ്രതികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്യുന്ന രീതി ഇവിടെ നിലനിന്നിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് അവസാനിപ്പിക്കുന്നതിന് വ്യവസ്ഥാപിതമായ രീതിയിൽ കേസ് രജിസ്റ്റർ ചെയ്ത് യഥാർത്ഥ പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഇത്തരത്തിലുള്ള ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 2004 ൽ ഐ.എൻ.ടി.യു.സി. നേതാവായിരുന്ന ബാലു എന്ന ബാലസുബ്രമണ്യന്റെ വധവുമായി ബന്ധപ്പെട്ട് പീരുമേട് പോലീസ് ക്രൈം നം. 206/04 u/s. 143, 147, 148, 302 r/w 149 IPC & IV r/w 25 (I) (b) Arms Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു. ഇതുമായി ബന്ധപ്പെട്ട് പോലീസ് 10 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതും, അതിൽ 8 പേരെ ശിക്ഷിച്ചിട്ടുള്ളതുമാണ്. എന്നാൽ മേൽ പറഞ്ഞ 8 പേർ യഥാർത്ഥ പ്രതികളല്ലെന്നും, യഥാർത്ഥ പ്രതികളായ സി.പി.ഐ. (എം.) നേതാക്കളായ എം.എം. മണി, ആർ. രാജു, തിലകൻ എന്നിവരെ പ്രതിപട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി കാണിച്ച് കൊല്ലപ്പെട്ട ബാലസുബ്രമണ്യന്റെ സഹോദരി ശങ്കരി സാമുവൽ ബഹു. പീരുമേട് കോട |

| | | | |
|---|---|---|---|
| | | | തിയിൽ പരാതി സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ തുടരന്വേഷണം നടന്നുവരുന്നു. |
| (സി) | ഇത്തരം കേസുകളിൽ സാക്ഷി പറയാൻ തയ്യാറാവുന്നവരെ ഭീഷണിപ്പെടുത്തിയും മറ്റും പിൻതിരിപ്പിക്കുകയും, മൊഴിമാറ്റാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ അടിക്കടി ഉണ്ടാവുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇത്തരം സംഭവങ്ങൾ അടിക്കടി ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അരിയിൽ ഷുക്കൂർ വധക്കേസുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കണ്ണപുരം പോലീസ് സ്റ്റേഷൻ Cr. No. 136/12 എന്ന കേസിലെ 22-ാം സാക്ഷിയായ അബു പി.പി. S/o.മുഹമ്മദ്, തളിപ്പറമ്പ്, 23-ാം സാക്ഷിയായ മുഹമ്മദ് സാബിർ എന്നിവർ മേൽ പറഞ്ഞ കേസിൽ പോലീസ് മുമ്പാകെ മൊഴി കൊടുത്ത ശേഷം പലഭാഗത്തു നിന്നും സമ്മർദ്ദവും ഭീഷണിയും നേരിട്ടുവെന്നും സി.പി. സലിം, S/o. അത്ത അലി, കുറുമാത്തൂർ എന്നയാൾ ഇവരെ പല പ്രാവശ്യം മൊഴിമാറ്റുന്നതിന് ഭീഷണിപ്പെടുത്തി എന്നും അഡ്വ. നിക്കോളാസ് ജോസഫ് തയ്യാറാക്കി കൊണ്ടുവന്ന പ്രിന്റ് ചെയ്ത കടലാസിൽ സി.പി. സലിമിന്റെ ഭീഷണിക്കും, സമ്മർദ്ദത്തിനും വഴങ്ങി ഒപ്പു വച്ചു എന്നും അബു പി.പി. S/o. മുഹമ്മദ് എന്നയാൾ പരാതിപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ Cr.225/13 u/s. 365, 195 (A) r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. |
| (ഡി) | ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനായി ഈ പ്രശ്നങ്ങൾ പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു ജുഡീഷൽ കമ്മീഷനെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ